യായി കൊടുക്കുന്ന സിഗരറ്റ്നിർമ്മാതാക്കളുമായുള്ള അവരുടെ ബന്ധം ഇതുനിമിത്തം അലങ്കോലപ്പെടുകയുംചെയ്യും' എന്ന് ഡോക്ടർ ഫ്ളെച്ചർ തുടർന്നു പറയുന്നു. പുകയിലവ്യവസായികൾ ബ്രിട്ടനിൽ ആണ്ടുതോറും സിഗരറ്റ് പരസ്യത്തിന് പത്തുകോടി പവൻ ചെലവഴിക്കുന്നു. ഇതു് ബ്രിട്ടനിലെ ആരോഗ്യ വിദ്യാഭ്യാസ കൗൺസിലിന്റെ വാർഷിക ബജറ്റിന്റെ പത്തിരട്ടിയാണ്. അതേസമയം, പുകവലികൊണ്ടുണ്ടായ രോഗങ്ങൾ ചികിത്സിക്കാനായി 1981-ൽ ആരോഗ്യസേവന വകുപ്പ് പതിനഞ്ചരക്കോടി പവൻ ചെലവാക്കിയതായി കണക്കാക്കപ്പെടുന്നു. ബ്രിട്ടനിലെ ആരോഗ്യമന്ത്രിയായ ജോൺ പാറ്റൻ പറയുന്നതു്, ഒരു സ്വതന്ത്ര സമൂഹത്തിനുള്ളിൽ ചുമത്താവുന്ന നിയന്ത്രണങ്ങളെല്ലാം ബ്രിട്ടീഷ് ഗവണ്മെന്റ് പുകവലിയുടെമേൽ ചുമത്തുന്നുണ്ടെന്നും, അതിന് ഫലം കാണുന്നുണ്ടെന്നുമാണ്. കഴിഞ്ഞ നാലുവഷങ്ങളിൽ അവിടെ സിഗരറ്റ് വില്പനയിൽ ഇരുപതു് ശതമാനം കുറവുവന്നിട്ടുണ്ടത്രേ. 'പുകവലിക്കാരുടെ അവകാശങ്ങൾ' സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു 'പുകവലിസ്വാതന്ത്ര്യസംഘം' സമപ്പിച്ച നിവേദനം ഈ മന്ത്രി സ്വീകരിക്കുകയുണ്ടായി! പുകയില-ഉപദേശക സമിതി (ടുബാക്കോ അഡ്വൈസറി കൗൺസിൽ) എന്ന സർക്കാർസ്ഥാപനമാണെങ്കിൽ റോയൽ കോളേജിന്റെ റിപ്പോർട്ടിന് ഒരു വിലയും കല്പിച്ചിട്ടില്ല. പുകയിലനികുതിയിൽനിന്ന് സർക്കാരിനു കിട്ടുന്ന വരുമാനത്തിലുണ്ടാകാവുന്ന കുറവോ, പുകയിലവ്യവസായത്തിലേർപ്പെട്ട രണ്ടുലക്ഷം ആളുകളുടെ തൊഴിലോ 'റോയൽകോളേജ്' കണക്കിലെടുത്തിട്ടില്ല എന്നായിരുന്നു ഈ സമിതിയുടെ പ്രതികരണം. ഇതിൽ അത്ഭുതവുമില്ല. പുകവലിയുടെ കാര്യത്തിൽ ഇന്ത്യയിലെ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ നിലപാടും ഏറെക്കുറെ ഇതുതന്നെയല്ലേ?

(ലണ്ടൻ ടൈംസിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു റിപ്പോർട്ടിൽനിന്നെടുത്തവയാണ് ഈ കുറിപ്പിനാധാരമായ വസ്തുതകൾ.)

15 ജനുവരി, 1984

# 98. ക്യാൻസർ ചെലവില്ലാതെ!

മുൻകൂട്ടി ബെർത്ത് റിസർവ് ചെയ്താലും, മിക്കപ്പോഴും നരകമാണ് നമ്മുടെ തീവണ്ടികളിൽ രണ്ടാം ക്ലാസ്സിലുള്ള യാത്ര. ഇത്തവണ എനിക്ക് കിട്ടിയതു്, മീതേക്കു മീതേയുള്ള മൂന്നു സ്ലീപ്പർബെർത്തുകളിൽ നടുവിലത്തേതു് ആയിരുന്നു. വിജാഗരികളിൽ കീഴ്പോട്ടു തൂങ്ങിക്കിടക്കുന്ന ഈ ബെർത്ത് എന്ന മരപ്പലക യഥാസ്ഥാനത്തു് ഉറപ്പിച്ചുനിർത്തുന്നതു്, മുകളിലെ ബെർത്തിൽനിന്നു ഞാന്നു കിടക്കുന്ന രണ്ടു ചങ്ങലകളിൽ കെട്ടിയ കൊളുത്തുകൾ ആണല്ലോ. എന്റെ ബെർത്തിലെ തുളകളിൽ കയറാതെ ഈ കൊളുത്തുകൾ പിണങ്ങി അകന്നു നിൽക്കുകയായിരുന്നു. അതിനാൽ വണ്ടി കുലുങ്ങുമ്പോഴെല്ലാം കൊളുത്തുകളുടെ അയഞ്ഞ പിടിവിട്ട് പലക കീഴ്പോട്ട് തൂങ്ങി താഴെ കിടക്കുന്ന യാത്രക്കാരന്റെ നെഞ്ചിൽ ചെന്ന് അടിക്കുമെന്നും, ഞാൻ ഉരുണ്ട്, ബെർത്തുകൾക്കുനടുവിൽ നിരത്തിവെച്ച സാമാനങ്ങൾക്കുമേൽ വീഴുമെന്നും ആയിരുന്നു എന്റെ ഭയം. ഈ ഭയംനിമിത്തം പാതിരാത്രിക്ക് വണ്ടിയിൽ കയറിയതുമുതൽ പുലരുംവരെ എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. പക്ഷേ, ആരോടു പറയാൻ? ഇരിക്കാൻ സ്ഥല

മില്ലാത്ത വണ്ടിയിൽ, നിശ്ചിത സ്ഥലത്തു കിടക്കുകയല്ലാതെ മറ്റെന്തു ചെയ്യാൻ?

താഴെ ബെർത്തിലുള്ള യാത്രക്കാരനും ഉറങ്ങിയിരുന്നതായി തോന്നിയില്ല. എന്നാൽ, മുകളിലെ ബെർത്ത് തന്റെ നെഞ്ചിൽ വീണേക്കുമോ എന്ന ഭയംകൊണ്ടായിരുന്നില്ല അയാളുടെ ഉറക്കമിളപ്പ്. അയാൾ പുകവലിക്കുകയായിരുന്നു. വണ്ടിയിൽ കയറിയതുമുതൽ, ഞാൻ പുലർച്ചയ്ക്ക് ഇറങ്ങിപ്പോകുംവരെ, അയാൾ നിരന്തരം പുകവലിച്ച് ഊതി വിട്ടുകൊണ്ടിരുന്നു. വല്ലാത്ത ദുർഗന്ധമുള്ള ഏതോ ബ്രാൻഡ് സിഗരറ്റ് ആയിരുന്നു അയാൾ വലിച്ചിരുന്നതു്. ശൃംഖലാരൂപത്തിൽ അയാൾ വലിച്ചുതള്ളുന്ന സിഗരറ്റിന്റെ പുകയത്രയും, മുകളിലെ ബെത്തിൽ കിടന്ന് ഉൾക്കൊള്ളാനായിരുന്നു എന്റെ വിധി.

ഒന്നാലോചിച്ചുനോക്കൂ: കടുസ്സായ മുറി. അട്ടിയട്ടിയായി കിടക്കുന്ന ആറ് ആളുകൾ. പുറത്തുനിന്ന് കാറ്റ് കടക്കാതെ ഭദ്രമായി അടച്ച ഷട്ടറുകൾ. പുലരിത്തണുപ്പു പേടിച്ച് ഫാനുകൾ നിർത്തിയിരിക്കുന്നു. ഈ ചുറ്റുപാടിലാണ്, ചുവട്ടിൽനിന്നു നിർത്താതെയുള്ള പുകച്ചുരുൾ.

'നരകം' എന്ന് ഈ തീവണ്ടിയാത്രയെ ഞാൻ വിവരിച്ചതിൽ അതിശയോക്തിയുണ്ടോ?

ഉറങ്ങാതെ കിടക്കുമ്പോൾ എന്റെ മനസ്സിലേക്ക് അന്നു പത്രത്തിൽ വായിച്ച ചില കാര്യങ്ങൾ തിക്കിത്തിരക്കി കടന്നുവന്നു. ഇപ്പോൾ ലോക-ആരോഗ്യസംഘടനയുടെ മനസ്സമാധാനം നശിപ്പിക്കുന്ന പ്രശ്നങ്ങളിലൊന്ന് പുകവലിക്കുകയാണെന്ന് വായിച്ചതു് ഞാൻ ഓർത്തു. ശ്വാസകോശങ്ങൾക്ക് ക്യാൻസർരോഗം ബാധിച്ച്, ചുരുങ്ങിയതു് പത്തു ലക്ഷം ആളുകൾ എങ്കിലും ഇപ്പോൾ ആണ്ടുതോറും അകാലചരമമടയുന്നുവത്രേ. ഓരോ വർഷവും ചുരുങ്ങിയതു് ആറുലക്ഷം പേർക്ക് ക്യാൻസർ ബാധിച്ചിട്ടുണ്ടെന്നു പുതുതായി തിരിച്ചറിയപ്പെടുന്നു. പകർച്ചവ്യാധി എന്നുതന്നെ വിളിക്കപ്പെടാവുന്ന വിധത്തിൽ വ്യാപകമായിത്തീർന്നിട്ടുള്ള ഈ ക്യാൻസർരോഗബാധയുടെ കാരണം പുകവലിയല്ലാതെ മറ്റൊന്നുമല്ല. ക്യാൻസർരോഗചികിത്സയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തോതിൽ ക്യാൻസർരോഗബാധയും ആണ്ടോടാണ്ടു് പെരുകിവരികയാണ്. ക്രിസ്തുവർഷം 2000-ാമാണ്ടു് ആകുന്നതോടെ, ക്യാൻസർരോഗികളുടെ എണ്ണം ഇരുപതു ലക്ഷം ആയിത്തീരുമെന്നാണ് ലോകാരോഗ്യസംഘടനയുടെ ഭയം.

ആകെയുള്ള ക്യാൻസർരോഗികളിൽ മൂന്നിലൊന്നു പേക്ക് ആ രോഗം വരാനുള്ള കാരണം പുകവലിയാണ്. ശ്വാസകോശത്തിലെ ക്യാൻസർ ആണെങ്കിൽ, നൂറിനു തൊണ്ണൂറും പുകവലികൊണ്ടുമാത്രം ഉണ്ടായതാണ്. ക്യാൻസറിനു പുറമെ, വിട്ടുമാറാത്ത ബ്രോങ്കൈറ്റിസ് രോഗത്തിൽ എഴുപത്തഞ്ചു ശതമാനവും ഹൃദ്രോഗത്തിൽ ഇരുപത്തഞ്ചു ശതമാനവും പുകവലി നിമിത്തം ഉളവായതത്രേ.

ലോകത്തിൽ ഇപ്പോൾ ആണ്ടുതോറും നാലുലക്ഷം കോടി സിഗരറ്റ് എങ്കിലും വിറ്റഴിയുന്നു. ഇതിനു നൽകപ്പെടുന്ന വില പതിനായിരം കോടി ഡോളറോളമാണ്. ആകെ വലിക്കപ്പെടുന്ന സിഗരറ്റ് മനുഷ്യർക്ക്—സ്ത്രീകൾക്കും, കുട്ടികൾക്കും, പുരുഷന്മാർക്കും എല്ലാം—തുല്യമായി പങ്കിട്ടുകൊടുത്താൽ, ഒരാൾക്ക് ആണ്ടിൽ ആയിരം സിഗരറ്റ് കിട്ടും.

പുകവലി, സമ്പന്നരാജ്യങ്ങളിൽ കുറഞ്ഞുവരികയാണ്. പക്ഷേ, ദരിദ്രരാജ്യങ്ങളിൽ കൂടുതൽ ആളുകൾ പുകവലിക്കാരായി മാറുകയാണു ചെയ്യുന്നതു്. പരിഷ്കാരത്തിന്റെ അവിഭാജ്യഭാഗമാണ് പുകവലി എന്ന ബോധം ഉളവാക്കുന്നവയാണല്ലോ പത്രങ്ങളിലെ പുകയിലപ്പരസ്യങ്ങൾ. 'സുന്ദരിയായ, മനസ്സിനിണങ്ങിയ, ഒരു ഭാര്യ നിങ്ങൾക്കു വേണമോ,

പുകവലിക്കൂ!' എന്നതാണ് ഈ പരസ്യങ്ങളിൽ പലതിന്റെയും സന്ദേശം. 'പുകവലി ആരോഗ്യത്തിനു ഹാനികരമാണ്' എന്ന് ഈ പരസ്യങ്ങളിൽ ചെറിയ അക്ഷരങ്ങളിൽ എഴുതിവെച്ചിരിക്കുന്നതു കാണുമ്പോൾ, നിങ്ങൾക്ക് ചിരിയാണോ വരിക? എനിക്ക് വരിക കോപമാണ്, നിശ്ശബ്ദമായ, നിസ്സഹായമായ കോപം.

അമേരിക്കയിൽ ആണ്ടുതോറും സംഭവിക്കുന്ന മരണങ്ങളിൽ നാലിൽ ഒന്നിനു കാരണം പുകവലിയാണെന്ന് ലോകാരോഗ്യസംഘടന തയ്യാറാക്കിയ ഒരു രേഖയിൽ പറയുന്നു. അവിടെ നൂറിൽ അഞ്ചു മരണങ്ങൾ സംഭവിക്കുന്നതു് മദ്യപാനംമൂലമാണ്. 1956 മുതൽ 1980 വരെയുള്ള ഇരുപത്തിനാലു വർഷങ്ങളിൽ മുപ്പതു ലക്ഷം അമേരിക്കക്കാർ പുകവലി നിമിത്തം ഹൃദ്രോഗം ബാധിച്ച് അകാലമരണമടഞ്ഞു. അമേരിക്കക്കാർ പുകവലിശീലം കൈവിടാത്ത പക്ഷം, ഇന്നു ജീവിച്ചിരിക്കുന്ന അമേരിക്കക്കാരിൽ നൂറിനു പത്തുപേരും പുകവലിമൂലം ഉണ്ടായ ഹൃദ്രോഗം ബാധിച്ച് അകാലത്തിൽ മരിച്ചുപോകാനാണ് സാധ്യത.

അമേരിക്കയിൽ, ക്യാൻസർരോഗങ്ങളിൽ മുമ്പു കൂടുതൽ വ്യാപകമായിരുന്നതു് സ്ത്രീകളുടെ മുലകളിലുണ്ടാകുന്ന ക്യാൻസർ ആയിരുന്നുവത്രേ. ഇപ്പോൾ ക്യാൻസറുകളിൽ ഒന്നാംസ്ഥാനം പുകവലിനിമിത്തം ശ്വാസകോശങ്ങൾക്കുണ്ടാകുന്ന ക്യാൻസർ നേടിക്കഴിഞ്ഞിട്ടുണ്ട്.

ദരിദ്രരാജ്യങ്ങളിലും സ്ഥിതി ഇതുതന്നെ. ചൈന, മലേഷ്യ, ശ്രീലങ്ക, മൊറീഷ്യസ് മുതലായ രാജ്യങ്ങളിൽ നടത്തിയ പഠനങ്ങളിൽ നിന്ന്, പുകവലിമൂലം ഉണ്ടാകുന്ന ഹൃദ്രോഗം അവിടങ്ങളിൽ മുഖ്യ മരണകാരണമായിത്തീർന്നുതുടങ്ങിയിട്ടുണ്ടെന്നു കാണുന്നു.

യൂറോപ്പിലെ പുകയിലക്കമ്പനികൾ കൂടുതൽക്കൂടുതൽ സിഗരററ് ദരിദ്രരാജ്യങ്ങളിലേക്കു കയററിയയച്ചുകൊണ്ടിരിക്കുകയാണ്. ക്ഷാമം ബാധിച്ച് കഴങ്ങുന്ന എത്തിയോപ്പിയ, നൈജർ, സൊമാലിയ, സുഡാൻ മുതലായ ആഫ്രിക്കൻരാജ്യങ്ങളിൽപ്പോലും വൻതോതിൽ യൂറോപ്യൻ സിഗരററുകൾ വിററഴിയുന്നു. ഈ കച്ചവടത്തിൽനിന്ന് സിഗരററുകമ്പനികൾ വലിയ ലാഭമുണ്ടാക്കുകയുംചെയ്യുന്നു. സമ്പന്നരാജ്യങ്ങളിൽ ആണ്ടുതോറും സിഗരററുവലി 1.1 ശതമാനം കുറയുമ്പോൾ, ദരിദ്രരാജ്യങ്ങളിൽ അതു് ആണ്ടുതോറും 2.1 ശതമാനം വർദ്ധിക്കുന്നു. അമേരിക്കയിൽ 1965-ൽ 42 ശതമാനം ജനങ്ങൾ സിഗരററുവലിച്ചിരുന്ന സ്ഥാനത്തു് 1980—ൽ സിഗരററുവലിച്ചിരുന്നതു് 33 ശതമാനം ജനങ്ങൾ മാത്രമാണ്. 1970-നുശേഷം അമേരിക്കയിൽ മൂന്നുകോടി മുപ്പതുലക്ഷം മുൻ പുകവലിക്കാർ പുകവലി നിർത്തിയിട്ടുണ്ട്.

പുകവലിയെ നിരുത്സാഹപ്പെടുത്തുന്നതിനായി, സിഗരററുകളുടെ പരസ്യങ്ങൾ പൂർണമായി നിരോധിക്കണമെന്ന് ലോകാരോഗ്യസംഘടന നിർദേശിച്ചിട്ടുണ്ട്. പുകയിലവ്യവസായികൾ പുകവലിപ്പരസ്യങ്ങൾക്കുവേണ്ടി സ്പോർട്സും സാംസ്കാരിക പ്രകടനങ്ങളും സംഘടിപ്പിക്കുന്ന പതിവ് അവസാനിപ്പിക്കണമെന്നും ലോകാരോഗ്യസംഘടന പറയുന്നു. ഇപ്പോൾ ആണ്ടുതോറും സിഗരററുകമ്പനികൾ പരസ്യങ്ങൾക്കായി ചെലവഴിക്കുന്നതു് ഇരുനൂറുകോടി ഡോളറോളമാണത്രേ.

നൂററിയിരുപതു രാജ്യങ്ങളിലായി മൂന്നരക്കോടി ചെറുകിട കർഷകരാണ് പുകയിലക്കൃഷി നടത്തുന്നതു്. പുകവലി കുറഞ്ഞാൽ ഇവർ പട്ടിണിയായിപ്പോവില്ലേ? 'എന്നാലും സാരമില്ല' എന്നാണ് ലോകാരോഗ്യസംഘടന പറയുന്നതു്. കാരണം, പുകവലിനിമിത്തം സമൂഹത്തിനു നേരിടുന്ന ആരോഗ്യഹാനിയും അകാലമരണവും ചികിത്സച്ചെലവും അതിഭീമമാണ്; ഇവ പരിഗണിക്കുമ്പോൾ തുലോം നിസ്സാരമാണ്

ഇത്രയും കർഷകരുടെ തൊഴിൽനഷ്ടക്കാര്യം. അവർക്ക് പുകയിലക്കൃഷി വിട്ട് വേറെ വല്ല കൃഷിയും ചെയ്യാമല്ലോ.

ഇത്രയും വായിച്ചിട്ട്, പുകവലിക്കാരായ വായനക്കാരിൽ ആരെങ്കിലും പുകവലി നിർത്താൻ തീരുമാനിച്ചുവോ? നല്ലത്. എങ്കിൽ ഒരു സംഭവം കൂടി കേട്ടോളു:

ചുമയും ശ്വാസംമുട്ടുമുള്ള എന്റെ ഒരു യുവസ്നേഹിതൻ ഈയിടെ ഒരു വിദഗ്ധ ഡോക്ടറെ സമീപിച്ചു. വിസ്തരിച്ചുള്ള പരിശോധനകൾക്കു ശേഷം, സ്നേഹിതന് ശ്വാസകോശങ്ങളിൽ ക്യാൻസറിന്റെ ആരംഭമാണെന്ന് ഡോക്ടർ വിധിച്ചു.

'ഞാൻ എന്തു ചെയ്യണം?' തളർന്നുപോയ സ്നേഹിതൻ ചോദിച്ചു.

'ചില മരുന്നുകൾ ഞാൻ തരാം. പക്ഷേ, ആദ്യമായി വേണ്ടത് പുകവലിനിർത്തുകയാണ്.' ഡോക്ടർ പറഞ്ഞു

'ഞാനോ? ഞാൻ പുകവലിക്കാറില്ലല്ലോ!' സ്നേഹിതന് അത്ഭുതമായിരുന്നു.

'എങ്കിൽ നിങ്ങളുടെ സ്നേഹിതന്മാർ പുകവലി നിർത്തണം.' ഡോക്ടർ പറഞ്ഞു.

നമ്മുടെ സമൂഹത്തിൽ പുകവലിക്കാത്തവർ ആരുമില്ല. ചിലർ സ്വയം പുകവലിക്കുന്നു. ഇവരെ 'ആക്ടീവ് സ്മോക്കർ' എന്നു വിളിക്കുന്നു. മററു പലരും ശ്വസിച്ചുവിട്ട പുക ഉള്ളിലാക്കുന്നവരാണ് അധികം ആളുകളും. 'പാസ്സീവ് സ്മോക്കർ' എന്നാണ് ഇവർ അറിയപ്പെടുന്നത്. സ്വയം പുകവലിക്കാത്ത ഇവർ, മററുള്ള പുകവലിക്കാർ നിമിത്തം, പുകവലിയുടെ ദ്രോഹം അനുഭവിക്കേണ്ടിവരുന്നു.

തിരക്കേറിയ തീവണ്ടിയിലോ, ബസ്സിലോ, തിയേററിലോ, നിങ്ങളുടെ അടുത്തു നിന്നും ഇരുന്നും കിടന്നും പുക ഊതി നിങ്ങളുടെ മുഖത്തേക്കു വിടുന്ന സമൂഹദ്രോഹിയെ നിങ്ങൾ എന്തുചെയ്യും? അയാളുടെ നെഞ്ചിൽ ഒരു കത്തി കത്തിയിറക്കാനുള്ള മൗലികാവകാശം ഭരണഘടന നിങ്ങൾക്ക് അനുവദിക്കാത്ത കാലത്തോളം അന്യരുടെ ചെലവിൽ എച്ചിൽപുക വിഴുങ്ങി അതിന്റെ വരുംവരായ്കകൾ അനുഭവിക്കുകയല്ലാതെ നിങ്ങൾക്ക് വേറെ എന്തു ഗതി?

എനിക്കും?

23 മാർച്ച്, 1986

# 99. മയക്കുമരുന്നുകൾ

അണ്വായുധശേഖരംപോലെ ആധുനിക മനുഷ്യസമൂഹത്തെ ഭീഷണിപ്പെടുത്തുന്ന മറെറാരു മഹാ വിപത്താണ് മയക്കുമരുന്നുകൾ.

കറുപ്പിൽ (അവീനിൽ)നിന്ന് എടുക്കുന്ന ഹെറോയിൻ ആണ് ഇവയിൽ മുഖ്യം. വേദനയകററി ഉറക്കം നൽകുന്ന ഹെറോയിൻ ഒരിക്കൽ ഉപയോഗിച്ചാൽ വീണ്ടും വീണ്ടും ഉപയോഗിക്കാനുള്ള തൃഷ്ണ ഉളവാകുകയും താമസിയാതെ ഉപഭോക്താവിന്റെ ജീവിതലക്ഷ്യം ഹെറോയിൻ ഉപയോഗിക്കലായി മാറുകയും ചെയ്യുന്നു. ഇങ്ങനെ അടിമത്തം ഉളവാക്കുന്നതാകയാൽ ഈ ഔഷധം വൈദ്യശാസ്ത്രത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

വെളുത്ത പൊടിയായി കിട്ടുന്ന ഹെറോയിൻ മൂക്കിൽ വലിച്ചോ, തൊലിക്കകത്തോ നേരിട്ട് രക്തത്തിലോ ഇൻജെക്ട്ചെയ്തോ ഉപയോഗി